മത്സര പരീക്ഷാ പരിശീലന പദ്ധതി

15(*195) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങൾക്കായി സൗജന്യ മത്സരപരീക്ഷാ പരിശീലന പദ്ധതി സംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം ;

(സി) പദ്ധതിയുടെ നടത്തിപ്പിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി):

(എ) ഉണ്ട്.

(ബി) യുവജനങ്ങൾക്ക് സൗജന്യമായി മത്സര പരീക്ഷാ പരിശീലനം നൽകി സർക്കാർ, ബാങ്കിംഗ് മേഖലയിൽ തൊഴിൽ നേടുന്നതിന് പ്രാപ്തരാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം

(സി) എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ് സമർപ്പിച്ച പദ്ധതിക്ക് യുവജനക്ഷേമ ബോർഡ് അനുമതി നൽകി നടപ്പിലാക്കിവരുന്നു. പത്ര പരസ്യത്തിലൂടെയും പോസ്റ്ററുകളിലൂടെയും വേണ്ടത്ര പ്രചരണം നൽകിയാണ് 2013-14 സാമ്പത്തിക വർഷം പദ്ധതി നടപ്പിലാക്കിയത്. 52,08,000 രൂപ ഇതിനായി ചെലവഴിച്ചു.

റെയിൽവേ വികസനം

16(*T196) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. സാജു പോൾ :
ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെയിൽവേ വികസനത്തിൽ സംസ്ഥാനത്തിന്റെ ദീർഘകാലമായുള്ള ആവശ്യങ്ങളിൽ കേന്ദ്ര സർക്കാർ കൈക്കൊള്ളുന്ന നിലപാട് തിരുത്തിക്കാനായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ തയ്യാറാകുമോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2015-16 വർഷത്തെ കേന്ദ്ര റെയിൽവേ ബജറ്റിൽ മുന്നോട്ടുവച്ച ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു; അവയിൽ പരിഗണിക്കപ്പെട്ടവ ഏതെല്ലാം; മുൻ കേന്ദ്ര സർക്കാരുകൾ പ്രഖ്യാപിച്ച എന്തെല്ലാം പദ്ധതികൾ ഇപ്പോഴും പ്രഖ്യാപനങ്ങളിൽ മാത്രമായി അവശേഷിക്കുന്നു;

(സി) 2016-17-ലെ കേന്ദ്ര-റെയിൽവേ ബജറ്റിൽ പരിഗണിക്കുന്നതിനായി ഉന്നയിച്ച പ്രമുഖ പദ്ധതികളും ആവശ്യങ്ങളും എന്തെല്ലാമാണ്; വിശദമാക്കാമോ; ഇവ നേടിയെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) സംസ്ഥാനത്തിന്റെ സമഗ്രമായ റെയിൽവേ വികസനത്തിനാവശ്യമായ കാര്യങ്ങളെല്ലാംതന്നെ നടപ്പിലാക്കേണ്ടത് റെയിൽവേയാണ്. അതിനായി സംസ്ഥാന സർക്കാർ നിരന്തരമായി കേന്ദ്ര റെയിൽവേ മന്ത്രാലയത്തിലും റെയിൽവേയുടെ എല്ലാ തലങ്ങളിലും സമ്മർദ്ദം ചെലുത്തുന്നുണ്ട്.

(ബി) സംസ്ഥാനത്ത് നടന്നുവരുന്ന പാത ഇരട്ടിപ്പിക്കൽ, വൈദ്യുതീകരണം, ഗേജ്മാറ്റം, അങ്കമാലി-ശബരി പുതിയ പാത നിർമ്മാണം എന്നിവ പൂർത്തീകരിക്കുന്നതിനും ഈ സാമ്പത്തിക വർഷം മൊത്തം ഇനിയും ആവശ്യമായ 390 കോടി രൂപയും 2015-16-ൽ ആവശ്യമായ മൊത്തം 648 കോടി രൂപയും 2015-16-ലെ റെയിൽവേ ബഡ്ജറ്റിനു മുന്നോടിയായി സംസ്ഥാന സർക്കാർ തയ്യാറാക്കി കേന്ദ്രസർക്കാരിനു സമർപ്പിച്ച വിശദമായ മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിരുന്നു. സംസ്ഥാനത്തിനായി പ്രത്യേക റെയിൽവേ സോൺ, പാലക്കാട് റെയിൽ കോച്ച് ഫാക്ടറി, ചേർത്തല വാഗൺ ഫാക്ടറി, റെയിൽവേ മെഡിക്കൽ കോളേജ്, റെയിൽവേയുടെ ഹൈ സ്പീഡ് റെയിൽ കോറിഡോർ പദ്ധതി, ഗുരുവായൂർ-തിരുനാവായ, നിലമ്പൂർ-നഞ്ചൻഗുഡ് ഉൾപ്പെടെ പുതിയ ലൈനുകളുടെ നിർമ്മാണം, സംസ്ഥാനത്ത് ഓടുന്ന കോച്ചുകളുടെ നിലവാരം, കോട്ടയം, നേമം കോച്ചിംഗ് ഡിപ്പോകൾ ROB കളുടെ നിർമ്മാണം തുടങ്ങി സംസ്ഥാനത്തിന്റെ ചിരകാല ആവശ്യങ്ങളെല്ലാംതന്നെ 2015-16-ൽ സാക്ഷാത്കരിക്കാനാവശ്യമായ വകയിരുത്തലുകൾ 2015-16-ലെ റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തണമെന്നാണ് ടി മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിരുന്നത്. സംസ്ഥാനത്ത് സബർബൻ റെയിൽ ഏർപ്പെടുത്തുന്നതിന് റെയിൽവേയുടെ പങ്കാളിത്തം പ്രഖ്യാപിക്കണമെന്ന് സംസ്ഥാന സർക്കാർ ടി മെമ്മോറാണ്ടത്തിൽ അഭ്യർത്ഥിച്ചിരുന്നു. ഈ പദ്ധതിക്കായി സംസ്ഥാന സർക്കാരും ഇന്ത്യൻ റെയിൽവേയും 50% പങ്കാളിത്തമുള്ള SPV 2015-16-ലെ റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിക്കണമെന്ന് ടി മെമ്മോറാണ്ടത്തിലും പ്രത്യേകമായി ബഹു.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രിയുടെ 29-1-2015-ലെ അർദ്ധ ഔദ്യോഗിക കത്ത് മുഖേനയും ആവശ്യപ്പെട്ടിരുന്നെങ്കിലും അനുകൂല തീരുമാനം ലഭ്യമായിട്ടില്ല. തുടർന്നുവരുന്ന പ്രവൃത്തിയായതിനാൽ അങ്കമാലി-ശബരി ലൈൻ നിർമ്മാണച്ചെലവിന്റെ സംസ്ഥാന സർക്കാരിന്റെ 50% ഓഹരി റെയിൽവേ നിർദ്ദേശിച്ചിരിക്കുന്നതനുസരിച്ച് റെയിൽവേയ്ക്ക് കേന്ദ്രസർക്കാർ നൽകണമെന്നും സംസ്ഥാന സർക്കാർ പലതവണ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ റെയിൽവേയുടെ ഇക്കാര്യത്തിലുള്ള കർക്കശ നിലപാട് കാരണം സുപ്രധാനമായ ഈ പദ്ധതി അനന്തമായി നീണ്ടുപോകുന്നത് സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള വികസനത്തിന് വിഘാതമാണ് എന്ന കാര്യം വേണ്ടവിധം പരിഗണിച്ചും ഈ പദ്ധതിയുടെ മൊത്തം ചെലവിന്റെ 50% സർക്കാർ വഹിക്കുന്ന കാര്യം തത്വത്തിൽ അംഗീകരിക്കുകയും ഇതിനാവശ്യമായ MOU റെയിൽവേയുമായി ഒപ്പിടുന്നത് എത്രയുംവേഗം നടത്താൻ ഈയിടെ സർക്കാർ തീരുമാനിച്ചു. 2015-16-ലെ റെയിൽവേ ബഡ്ജറ്റിൽ സംസ്ഥാനത്തിനായി പ്രധാനമായും തുക വകയിരുത്തിയത് ചുവടെ പറയുന്ന രീതിയിലാണ്:

റെയിൽകോച്ച് ഫാക്ടറി പാലക്കാട്	-	10 ലക്ഷം
കൊല്ലം രണ്ടാം ടെർമിനൽ	-	1 ലക്ഷം
<u>പുതിയ പാത</u>		
അങ്കമാലി-ശബരി	-	5 കോടി
തിരുനാവായ-ഗുരുവായൂർ	-	1 കോടി
<u>പാത ഇരട്ടിപ്പിക്കൽ</u>		
കോഴിക്കോട്-മാംഗ്ലൂർ	-	4.2 കോടി
ചേപ്പാട്-കായംകുളം	-	1 കോടി
മാവേലിക്കര-ചെങ്ങന്നൂർ	-	1.6 കോടി
ചേപ്പാട്-ഹരിപ്പാട്	-	5 കോടി
മുളംതുരുത്തി-കുറുപ്പന്തറ	-	19 കോടി
ചെങ്ങന്നൂർ-ചിങ്ങവനം	-	58 കോടി
കുറുപ്പന്തറ-ചിങ്ങവനം	-	105 കോടി
അമ്പലപ്പുഴ-ഹരിപ്പാട്	-	55 കോടി
എറണാകുളം-കുമ്പളം	-	30 കോടി

LIBRARY ARCHIVES Kerala Legislative Assembly

കുമ്പളം-തുറവൂർ	-	80 കോടി
തുറവൂർ-അമ്പലപ്പുഴ	-	22 കോടി
തിരുവനന്തപുരം-കന്യാകുമാരി	-	20 കോടി
ഗേജ് മാറ്റം		
കൊല്ലം-തിരുനെൽവേലി-തൂച്ചുത്തൂർ	-	85 കോടി
ഡിണ്ഡിഗൽ-പൊള്ളാച്ചി-പാലക്കാട്	-	100 കോടി
കൊച്ചുവേളി സെക്കന്റ് കോച്ചിംഗ് ടെർമിനൽ ഫേസ് II	-	45 ലക്ഷം
നിലമ്പൂർ റോഡ് റേക്ക് അൺലോഡിംഗ്	-	80 ലക്ഷം
എറണാകുളം പിറ്റ് ലൈൻ two stabling	-	3 കോടി

മുൻ കേന്ദ്രസർക്കാരുകൾ പ്രഖ്യാപിച്ച പദ്ധതികളിൽ ഇപ്പോഴും പ്രഖ്യാപനങ്ങൾ മാത്രമായി അവശേഷിക്കുന്ന പദ്ധതികളുടെ വിവരം അനുബന്ധം 1 ആയി സമർപ്പിക്കുന്നു.*

(സി) സംസ്ഥാനത്തെ റെയിൽവേയുടെ സമഗ്ര വികസനത്തിനായി ചെയ്യേണ്ട കാര്യങ്ങളെല്ലാംതന്നെ വിശദമാക്കി മുൻ റെയിൽവേ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചവയിൽ ഇനിയും നടപ്പാക്കാത്ത കാര്യങ്ങൾക്കൊപ്പം മുൻഗണനാ ക്രമത്തിൽ ചേർത്ത് തയ്യാറാക്കിയ കരട് മെമ്മോറാണ്ടം സംസ്ഥാന സർക്കാർ തയ്യാറാക്കിയിട്ടുണ്ട്. ടി മെമ്മോറാണ്ടത്തിലെ ആവശ്യങ്ങളെല്ലാംതന്നെ 2016-17-ലെ റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തി നേടിയെടുക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്താനായി കരട് മെമ്മോറാണ്ടം അവരുടെ നിർദ്ദേശങ്ങൾ നൽകി വിപുലീകരിക്കുന്നതിന് പകർപ്പ് ബഹു. എം.പി.മാർക്ക് നൽകിയിരുന്നു. കൂടാതെ 17-11-2015-ൽ പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിന് മുന്നോടിയായി ചേർന്ന കേരളത്തിൽ നിന്നുള്ള എം.പി.-മാരുടെ യോഗത്തിൽ ടി മെമ്മോറാണ്ടവും കേരളത്തിലെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട വിഷയങ്ങളും ചർച്ച ചെയ്തിട്ടുണ്ട്. എം.പി.-മാരുടെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി വിശദമായ മെമ്മോറാണ്ടം 2015 ഡിസംബറിൽ കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന് സമർപ്പിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ ടി വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി ഡിസംബർ 9-ാം തീയതി കേരളത്തിൽ നിന്നുള്ള എം.പി.-മാരുടെ യോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഡൽഹിയിൽ ചേരാനും തീരുമാനിച്ചിട്ടുണ്ട്. മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന കാര്യങ്ങൾ അനുബന്ധം 2* ആയി ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly